<u>പത്രക്കുറിപ്പ്</u>

ഓണം വാരാഘോഷസമാപനം കുറിച്ചു കൊണ്ട് നടക്കുന്ന ഘോഷയാത്രയോടനുബന്ധിച്ച് 09.09.2017 ഉച്ചയ്ക്ക് 02.00 മണി മുതൽ രാത്രി 08.00 മണി വരെ തിരുവനന്തപുരം നഗരത്തിൽ ചുവടെ പറയുന്ന പ്രകാരത്തിലുള്ള ഗതാഗതക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

MC Road-ൽ നിന്നും തമ്പാനൂർ/കിഴക്കേകോട്ട പോകേണ്ട വാഹനങ്ങൾ മണ്ണന്തല, കുടപ്പനക്കുന്ന്, പേരൂർക്കട, പൈപ്പിൻമൂട്, ശാസ്തമംഗലം, ഇടപ്പഴഞ്ഞി, തൈക്കാട് ഫ്ലൈ ഓവർ വഴിയും, NH Road-ൽ നിന്നും വരുന്ന വാഹനങ്ങൾ ഉള്ളൂർ, മെഡിക്കൽ കോളേജ്, കണ്ണമ്മൂല, ജനറൽ ഹോസ്പിറ്റൽ, അണ്ടർ പാസ്, ബേക്കറി, ഫ്ലൈഓവർ, പനവിള വഴിയും, നെടുമങ്ങാട് നിന്നും വരുന്ന വാഹനങ്ങൾ പേരൂർക്കട, പൈപ്പിൻമൂട്, ശാസ്തമംഗലം, ഇടപ്പഴഞ്ഞി, ശ്രീമൂലം ക്ലബ്, വഴുതക്കാട്, സാനഡു, പനവിള വഴി പോകേണ്ടതാണ്. നെയ്യാറ്റിൻകര ഭാഗത്തുനിന്നും കിഴക്കേക്കോട്ടയിലേയ്ക്ക് വരുന്ന വാഹനങ്ങൾ കൈമനം, മരുതൂർക്കടവ്, കാലടി, ചിറമുക്ക്, മണക്കാട് വഴി കിഴക്കേക്കോട്ടയിൽ വരേണ്ടതും, തമ്പാനൂരേയ്ക്ക് പോകേണ്ട വാഹനങ്ങൾ കരമന, കുഞ്ചാലുമ്മൂട്, പൂജപ്പുര, ഡി.പി.ഐ., സാനഡു, പനവിള വഴി തമ്പാനൂരേയ്ക്ക് വരേണ്ടതുമാണ്.

തമ്പാനൂർ ഭാഗത്തു നിന്നും NH-ലേക്ക് പോകേണ്ട വാഹനങ്ങൾ പനവിള, ബേക്കറി, ഫ്ലൈ ഓവർ, അണ്ടർ പാസ്, ജനറൽ ഹോസ്പിറ്റൽ, പേട്ട, കണ്ണമ്മൂല, മെഡിക്കൽ കോളേജ്, ഉള്ളൂർ വഴിയും, MC Road-ലേക്ക് പോകേണ്ട വാഹനങ്ങൾ അണ്ടർ പാസ്, ആശാൻ സ്ക്വയർ, പി. എം. ജി, പ്ലാമൂട്, പട്ടം വഴിയും, നെടുമങ്ങാട് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ബേക്കറി, വഴുതക്കാട്, ശ്രീമൂലം ക്ലബ്, ഇടപ്പഴഞ്ഞി, ശാസ്തമംഗലം, പൈപ്പിൻമൂട്, പേരൂർക്കട വഴിയും പോകേണ്ടതാണ്.

ഘോഷയാത്ര സെക്രട്ടറിയേറ്റ് മെയിൻഗേറ്റിൽ എത്തിക്കഴിഞ്ഞാൽ തമ്പാനൂരിൽ നിന്നും NH റോഡ്, MC റോഡ്, നെടുമങ്ങാട് ഭാഗത്തേയ്ക്ക് പുറപ്പെടേണ്ട കെ. എസ്. ആർ.റ്റി.സി ഉൾപ്പെടെയുള്ള വാഹനങ്ങൾ അരിസ്റ്റോ ജംഗ്ഷൻ, മോഡൽ സ്കൂൾ ജംഗ്ഷൻ, പനവിള ഭാഗത്തുനിന്നും പുറപ്പെടേണ്ടതും, കരമന, നെയ്യാറ്റിൻകര ഭാഗത്തേയ്ക്കുള്ള വാഹനങ്ങൾ കിള്ളിപ്പാലം പി. ആർ. എസ്. ആശുപത്രിയുടെ മുൻവശത്തുനിന്നും പുറപ്പെടേണ്ടതാണ്

കവടിയാർ, വെള്ളയമ്പലം, പാളയം, സ്റ്റാച്യൂ, ആയുർവേദ കോളേജ്, കിഴക്കേകോട്ട റോഡിലും, ഓവർ ബ്രിഡ്ജ്, തമ്പാനൂർ, ചൂരക്കാട്ടുപാളയം, കിള്ളിപ്പാലം, അട്ടക്കുളങ്ങര, കിഴക്കേകോട്ട റോഡിലും, ഫുട്പാത്തുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

**രാജ്ഭവൻ – അക്കാമ്മ സ്റ്റാച്യു – ദേവസ്വം ബോർഡ് – നന്തൻകോട് – നളന്ദ – പി.എം.ജി ജി.വി.രാജ വരെയുള്ള റോഡിലും, വി.ജെ.റ്റി – ആശാൻ സ്ക്വയർ- പി.എം.ജി വരെയുള്ള റോഡിലും, യാതൊരു കാരണവശാലും വാഹന "പാർക്കിംഗ് അനുവദിക്കുന്നതല്ല.**

09.09.2017 ന് ഉച്ചയ്ക്ക് 12.00 മണിമുതൽ ചരക്കുവാഹനങ്ങൾക്ക് തിരുവനന്തപുരം സിറ്റിയിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

വാഹന പാർക്കിംഗ് സ്ഥലങ്ങൾ

യൂണിവേഴ്സിറ്റി ഓഫീസ് കോമ്പൗണ്ട്, സംസ്കൃത കോളേജ് കോമ്പൗണ്ട്, വിമൻസ് കോളേജ് കോമ്പൗണ്ട്, പൂജപ്പുര എൽ.ബി.എസ് കോമ്പൗണ്ട്, ടാഗോർ തിയേറ്റർ കോമ്പൗണ്ട്, വാട്ടർ അതോരിറ്റി കോമ്പൗണ്ട് (ഇൻഡോർ സ്റ്റേഡിയം മുതൽ- പഞ്ചായത്ത് ഹാൾ വരെയും, ഒബ്സർവേറ്ററിയിലേയ്ക്ക് പോകുന്ന വഴിയുടെ ഒരു വശവും) സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ കോമ്പൗണ്ട്, തൈക്കാട് പോലീസ് ഗ്രൗണ്ട്, ഗവൺമെൻറ് ആർട്സ് കോളേജ് കോമ്പൗണ്ട്, സംഗീത കോളേജ് കോമ്പൗണ്ട്, എസ്.എം.വി. സ്കൂൾ കോമ്പൗണ്ട്, അട്ടകുളങ്ങര സെൻട്രൽ സ്കൂൾ കോമ്പൗണ്ട്, ഫോർട്ട് ഹൈസ്കൂൾ കോമ്പൗണ്ട്, ആറ്റുകാൽ ദേവീക്ഷേത്രം പാർക്കിംഗ് ഗ്രൗണ്ട്, പുത്തരിക്കണ്ടം മൈതാനം പാർക്കിംഗ് ഗ്രൗണ്ട്, പേട്ട ഗേൾസ് ഹൈസ്ക്കൂൾ പാർക്കിംഗ് ഗ്രൗണ്ട്, പേട്ട ബോയസ് സ്ക്കൂൾ പാർക്കിംഗ് ഗ്രൗണ്ട്, സാൽവേഷൻ ആർമി സ്ക്കൂൾ കവടിയാർ എന്നിവിടങ്ങളിലും പി.എം.ജി - ലോ കോളേജ് റോഡ്, മ്യൂസിയം-നന്ദാവനം റോഡ്, വെള്ളയമ്പലം- ശാസ്തമംഗലം റോഡ്, പുത്തരിക്കണ്ടം മൈതാനം, ഈഞ്ചയ്ക്കൽ - കോവളം ബൈപ്പാസ് റോഡ് എന്നിവിടങ്ങളിൽ ഒരു വശത്തും വാഹനങ്ങൾക്ക് തിരികെ പോകാൻ തടസ്സമുണ്ടാകാത്തരീതിയിൽ പാർക്ക് ചെയ്യേണ്ടതാണ്. പാർക്കുചെയ്യുന്ന വാഹനങ്ങളിൽ ഫോൺ നമ്പറുകൾ കാണത്തക്ക രീതിയിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

ഘോഷയാത്ര കാണാൻ വരുന്ന ജനങ്ങൾ റോഡിൻെറ ഇരുവശങ്ങളിലുമായി നില്ക്കേണ്ടതും ഘോഷയാത്ര കടന്നുപോകുന്ന പ്രധാന വീഥിയിൽ നില്ക്കാൻ പാടില്ലാത്തതുമാണ്.

മേൽപ്പറഞ്ഞ തീരുമാനങ്ങൾ പോലീസ്, കെ.എസ്.ആർ.ടി.സി, ടൂറിസം എന്നീ വകുപ്പുകൾ ചേർന്ന് സംയുക്തമായി കൈക്കൊണ്ടിട്ടുള്ളതിനാൽ തിരുവനന്തപുരം സിറ്റി പോലീസിൻെറ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതു ജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

Phone Numbers: 1099,
0471-2558731, 0471-2558732
9497987001, 9497987002

ഒപ്പ്
പോലീസ് അസിസ്റ്റൻറ് കമ്മീഷണർ,
ട്രാഫിക് നോർത്ത് സബ്ബ് ഡിവിഷൻ,
തിരുവനന്തപുരം സിറ്റി.